# 40 ലക്ഷം രൂപയുടെ നിരോധിത പുകയില ഉത്പന്നങ്ങൾ പിടികൂടി

പാലക്കാട് : വീട്ടിലെ ഗോഡൗണിൽ വിൽപ്പനക്കായി സൂക്ഷിച്ച നിരോധിത പുകയില ഉല്പ്പന്നങ്ങളായ ഒരു ലക്ഷം പായ്ക്കറ്റ് ഹാൻസ്, കൂൾലിപ്പ്, ഗുഡ്ക എന്നിവ പാലക്കാട് ഡാൻസാഫ് സ്ക്വാഡ് പിടികൂടി. കിണാശ്ശേരി, തണ്ണിശ്ശേരി, കുറുമ്പ നഗറിൽ ഷമീർ (33)നെ പാലക്കാട് സൗത്ത് പോലീസ് അറസ്റ്റു ചെയ്തു. ഇയാൾക്കെതിരെ മുമ്പും സൗത്ത് പോലീസിൽ കേസുണ്ട്. തമിഴ്നാട്ടിൽ നിന്നും മൊത്തമായി കൊണ്ടുവന്ന് വീടിനോട് ചേർന്ന രഹസ്യ ഗോഡൗണിൽ സൂക്ഷിച്ച് ആവശ്യക്കാർക്ക് ആഡംബര കാറുകളിൽ വിൽപ്പന നടത്തി വരികയായിരുന്നു. പിടിച്ചെടുത്ത ലഹരി ഉല്പ്പന്നങ്ങൾക്ക് ചില്ലറ വിപണിയിൽ നാൽപ്പത് ലക്ഷം രൂപ വില വരും. സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷന്റെ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.



പിടികൂടിയ പുകയില ഉത്പന്നങ്ങൾ

പാലക്കാട് ജില്ല പോലീസ് മേധാവി ആർ.വിശ്വനാഥ് ഐപിഎസിന്റെ നിർദ്ദേശത്തെത്തുടർന്ന് നാർകോട്ടിക് സെൽ ഡിവൈഎസ്പി സി.ഡി ശ്രീനിവാസന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്. പാലക്കാട് ടൗൺ സൗത്ത് അഡീഷണൽ എസ്ഐമാരായ ഷാജി, ഷേണു, സിപിഒ സുജീഷ്, വനിതാ സിപിഒ സൗമ്യ ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ ടി.ആർ.സുനിൽ കുമാർ, റഹിം മുത്തു, സൂരജ് ബാബു, കെ. അഹമ്മദ് കബീർ, കെ.ദിലീപ്, ആർ.രാജീദ് എന്നിവരടങ്ങിയ സംഘമാണ് ലഹരി വസ്തുക്കൾ പിടികൂടിയത്.